കൂടുതൽ മിച്ചം വന്നാൽ അയാളുടെ തന്നെ ഉമസ്ഥതയിലുള്ള മറ്റുസ്ഥലങ്ങളിലേയ്ക്ക് wheeling charge നൽകാതെ ഉപയോഗിക്കുന്നതിനുള്ള സൗകര്യവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകുന്നുണ്ട്.

ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് ഒരു രൂപ നിരക്കിൽ പ്രോത്സാഹനം നൽകാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്.

ഗാർഹിക വൈദ്യുതോൽപ്പാദനം ലക്ഷ്യമിട്ട് അനെർട്ട് 1000 റൂഫ് ടോപ്പ് പദ്ധതി നടപ്പിലാക്കി വരികയും നിലവിൽ 7000 മേൽക്കൂരകളിൽ ഇത് സ്ഥാപിക്കുകയും ചെയ്തു. പദ്ധതിയിൽ അംഗമാകുന്ന ഉപഭോക്താക്കൾക്ക് കേന്ദ്ര സർക്കാർ 53,262 രൂപയും സംസ്ഥാന സർക്കാർ 39,000 രൂപയും ധനസഹായമായി നൽകിവരുന്നു.

മറ്റൊരു പദ്ധതിയായ സോളാർ കണക്ട് ശൃംഖലാബന്ധിത വൈദ്യുത പദ്ധതിയിൽ കേന്ദ്ര സർക്കാർ ഒരു കിലോവാട്ടിന് 24,000 രൂപ നിരക്കിലും സംസ്ഥാന സർക്കാർ 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

സൗരോർജ്ജ റാന്തൽ ഉപഭോക്താക്കൾക്ക് 2014-15 വർഷം ജനറൽ കാറ്റഗറിക്ക് 500 രൂപയും എസ്.സി./എസ്.റ്റി./ബി.പി.എൽ./ഫിഷർമാൻ വിഭാഗത്തിന് 1000 രൂപയും സബ്സിഡിയായി നൽകിവരുന്നു.

വൈദ്യുതി വാങ്ങിയ ഇനത്തിൽ അധികം ചെലവായ തുക

48 (393) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ മുതൽ ജൂൺ വരേയും ജൂലായ് മുതൽ ആഗസ്റ്റ് വരേയും വൈദ്യുതി വാങ്ങിയ ഇനത്തിൽ അധികം ചെലവായ തുക എത്ര ;

(ബി) ഈ തുക ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ഈടാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES,Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ. ആർ.സി.) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ചിട്ടുള്ള ഇന്ധന സർചാർജ് റെഗുലേഷൻ 2010-ന് വിധേയമായി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.) 2014 ഏപ്രിൽ മുതൽ 2014 ജൂൺ വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ 32.39 കോടിരൂപ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.

ഈ തുക ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് 21-10-2014-ൽ കമ്മീഷൻ മുമ്പാകെ ബോർഡ് പെറ്റീഷൻ സമർപ്പിച്ചിരുന്നു. ഇതിന്മേൽ 8-1-2015-ലെ ഉത്തരവുപ്രകാരം തീർപ്പുകൽപ്പിക്കുകയും 32.05 കോടിരൂപ അധിക ബാദ്ധ്യതയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക ഉടനടി ഇന്ധന സർചാർജ്ജായി ഈടാക്കുന്നതിന് കമ്മീഷൻ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ ടി തുക വരുംവർഷങ്ങളിൽ കമ്മീഷൻ അംഗീകരിക്കുന്ന ഇന്ധന സർചാർജ്ജിനോടൊപ്പം ഈടാക്കുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

കൂടാതെ, 2014 ജൂൺ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധനവിലയിലുണ്ടായ അധിക ബാദ്ധ്യതയായ 34.95 കോടിരൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 25-11-2014-ൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിന്മേൽ 13-5-2015-ൽ കമ്മീഷൻ പൊതുതെളിവെടുപ്പ് (Public Hearing) നടത്തിയെങ്കിലും അന്തിമ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

കടമക്കുടി കണ്ടനാട് കോരാമ്പാടം പ്രദേശങ്ങളിലെ വൈദ്യുത പ്രവൃത്തികൾ

49 (394) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രൂക്ഷമായ വൈദ്യുതിക്ഷാമം നേരിടുന്ന കടമക്കുടി കണ്ടനാട് ഭാഗത്ത് 350 മീറ്റർ സിംഗിൾ ഫെയ്സ്ലൈൻ, ത്രീ ഫെയ്സ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ;